# ഏകീകൃത സർവകലാശാല നിയമം വേണ്ടെന്ന് ശുപാർശ

തിരുവനന്തപുരം
20.01.2010

സർവകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. അനന്തകൃഷ്ണൻ കമ്മിറ്റിയുടെ ആദ്യയോഗം ചേർന്നു. സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും പൊതുവായി ബാധകമായ ഏകീകൃത സർവകലാശാല നിയമം വേണ്ടെന്ന കാര്യത്തിൽ കമ്മിറ്റി ധാരണയിലെത്തി. ഓരോ സർവകലാശാലകളുടെയും വ്യതിരക്തത നിലനിർത്തിക്കൊണ്ടുതന്നെ ചില പൊതുതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ സർവകലാശാലകളുടെയും നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ ശുപാർശ ചെയ്യാനും കമ്മിറ്റി തീരുമാനിച്ചു. ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് 2010 ജൂൺ മാസത്തിനകം സമർപ്പിക്കും.

പൊതുതത്ത്വങ്ങളെ സംബന്ധിച്ച ചർച്ചയാണ് ആദ്യയോഗത്തിൽ പ്രധാനമായും നടന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരുമാനങ്ങളാണ് കമ്മിറ്റി കൈക്കൊണ്ടത്. സാമൂഹ്യനീതിയും ഗുണമേന്മയും സമന്വയിപ്പിക്കും വിധം സ്വയംഭരണവും സാമൂഹ്യ പ്രതിബദ്ധതയും ഉറപ്പാക്കുന്ന ഭരണ സംവിധാനങ്ങൾ സൃഷ്ടിക്കുക, സർവകലാശാലകളുടെ പ്രവർത്തനങ്ങൾ നിരന്തരമായ സാമൂഹ്യ –അക്കാദമിക ഓഡിറ്റിങ്ങിന് വിധേയമാക്കുക, അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുന്ന രീതിയിൽ സർവകലാശാല സമിതികളുടെ ഘടനയിലും പ്രവർത്തന രീതിയിലും വേണ്ടത്ര മാറ്റങ്ങൾ വരുത്തുക, പ്രാദേശികവും ദേശീയവുമായ സാമൂഹ്യ–സാമ്പത്തിക വികസനത്തെ പരിപോഷിപ്പിക്കുന്നതിന് സർവകലാശാല സംവിധാനങ്ങളിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുക, ജനാധിപത്യം, മതേതരത്വം, നാനാത്വം, സഹിഷ്ണുത തുടങ്ങിയ ഭരണഘടന അനുശാസിക്കുന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് സഹായകരമായ നിയമ വ്യവസ്ഥകളും സംവിധാനങ്ങളും സൃഷ്ടിക്കുക, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ഭരണം ജനാധിപത്യവത്ക്കരിക്കുകയും വികേന്ദ്രീകരിക്കുകയും ചെയ്യുക, അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ സർവകലാശാല നിയമങ്ങളിൽ ഉൾച്ചേർക്കുക, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് സാമ്പത്തിക സാമൂഹ്യ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം വിപുലീകരിക്കുന്നതിന് സഹായകരമായ നിയമവ്യവസ്ഥകൾ സൃഷ്ടിക്കുക, നേർക്കു നേർ പഠന പദ്ധതിയും വിദൂര വിദ്യാഭ്യാസവും

തമ്മിലുള്ള സമാനതകളും വ്യത്യാസങ്ങളും കൃത്യമായി നിർവചിക്കുക, സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ ഉത്തരവാദിത്വങ്ങളും അവകാശങ്ങളും കൃത്യമായി നിർവചിക്കുക, സർവകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സാമ്പത്തിക സ്രോതസ്സുകളും വിനിയോഗവും സംബന്ധിച്ച വ്യവസ്ഥകൾ തിട്ടപ്പെടുത്തുക, സർക്കാർ, സർവകലാശാലകൾ, അഫിലിയേറ്റഡ് സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള പാരസ്പര്യം നിർണ്ണയിക്കുക, വിദ്യാർത്ഥികൾ, അധ്യാപകർ, അധ്യാപകേതര ജീവനക്കാർ എന്നിവരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും നിർവചിക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യുക തുടങ്ങിയ പൊതുതത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഓരോ സർവകലാശാല നിയമവും പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.

പ്രൊഫ. എം.അനന്തകൃഷ്ണനെ (ചെയർമാൻ, ഐ.ഐ.ടി, കാൺപൂർ) കൂടാതെ താഴെപ്പറയുന്നവരാണ് കമ്മിറ്റി അംഗങ്ങൾ. പ്രൊഫ. ജെ.എ.കെ തരീൻ (വൈസ് ചാൻസലർ, പോണ്ടിച്ചേരി സർവകലാശാല), ഡോ.ദെബാസിസ് ചാറ്റർജി (ഡയറക്ടർ, ഐ.ഐ.എം, കോഴിക്കോട്), ഡോ.എൻ.കെ.ജയകുമാർ (വൈസ് ചാൻസലർ, നിയമ സർവകലാശാല, കൊച്ചി), പ്രൊഫ.ആർ.വി.ജി. മേനോൻ (സാമൂഹ്യ വിമർശകൻ), ഡോ. ജോയ് ജോബ് കുളവേലിൽ (കൊച്ചി സർവകലാശാല സിൻഡിക്കേറ്റ് അംഗം), ഡോ. കെ.വി.കുഞ്ഞികൃഷ്ണൻ (ഡയറക്ടർ, എസ്.എസ്.എ), ഡോ.എ.ആർ.രാജൻ (കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം), ഡോ. എം.പി കണ്ണൻ (ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രതിനിധി).

സമിതിയുടെ അടുത്തയോഗം 2010 ഫെബ്രുവരി 16ന് കൂടുന്നതാണ്. പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതി പരിഗണിക്കുന്നതാണ്. നിർദേശങ്ങൾ മെമ്പർ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ശാസ്ത്ര സാങ്കേതിക മ്യൂസിയം ക്യാമ്പസ്, തിരുവനന്തപുരം-33 എന്ന വിലാസത്തിലോ heckerala@gmail.com എന്ന ഇ-മെയിലിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മെമ്പർ സെക്രട്ടറി**